"ഭരണഭാഷ മാതൃഭാഷ"

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ ഇന്ത്യൻ കമ്പനി നിയമപ്രകാരം അംഗമാക്കപ്പെട്ടത്)

ചീഫ് എഞ്ചിനീയർ (മാനവ വിഭവശേഷി നിർവ്വഹണം) കാര്യാലയം.

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം-695 004. കേരള

ടെലിഫോൺ നം : 91-471-2448948

ഫാക്സ് : 91-471-2441361

ഇ-മെയിൽ : cehrm@ksebnet.com

വെബ് സൈറ്റ് : www.kseb.in. CIN: U40100KL2011SGC027424

നമ്പർ:ഇ.ബി7/പൊതുസ്ഥലംമാറ്റം/2016 — തീയതി: 19..07..2016.

ഗ്രാഹകൻ

വിവിധ ഓഫീസ് മേധാവികൾ (എ.ആർ.യു)

സർ,

വിഷയം : കെ.എസ്.ഇ.ബി ലിമിറ്റഡിലെ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട വിവരങ്ങളും സത്യപ്രസ്താവനയും - സംബന്ധിച്ച്.

സൂചന: 15.07.2016 – ൽ അംഗീകൃത ട്രേഡ് യൂണിയനുകളുമായി പൊതുസ്ഥലം മാറ്റത്തെക്കുറിച്ച് നടത്തിയ ചർച്ച.

കെ.എസ്.ഇ.ബി ലിമിറ്റഡിലെ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് എല്ലാ ജീവനക്കാരുടെയും വാസസ്ഥലത്തെക്കുറിച്ചുള്ള വിവരങ്ങൾ എച്ച്.ആർ.ഐ.എസ് – ൽ രേഖപ്പെടുത്തേണ്ടതുണ്ട്. ആയതിനാൽ എല്ലാ ജീവനക്കാരും അവരുടെ വീടിനു സമീപത്തുള്ള ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, കൺസ്യൂമർ നമ്പർ എന്നീ വിവരങ്ങൾ എച്ച്.ആർ.ഐ.എസ് - ൽ രേഖപ്പെടുത്തേണ്ടതാണ്. 20.07.2016 മുതൽ 25.07.2016 വരെ ഇതിനുള്ള അവസരം ഉണ്ടായിരിക്കും. ജീവനക്കാർക്ക് നേരിട്ടോ, അവരുടെ അനുവാദത്തോടുകൂടി ബന്ധപ്പെട്ട, ഉത്തരവാദിത്തമുള്ള ഉദ്യോഗസ്ഥർക്കോ ഈ വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ്. ഇതോടൊപ്പം ഇതുമായി ബന്ധപ്പെട്ട് ഒരു സത്യപ്രസ്താവന കൂടി ജീവനക്കാർ നൽകേണ്ടതാണ്. പ്രസ്തുത സത്യപ്രസ്താവനകളുടെ രൂപം ബോർഡിന്റെ സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. സത്യപ്രസ്താവനകളുടെ പകർപ്പ് ജീവനക്കാരന്റെ/ജീവനക്കാരിയുടെ ഒപ്പും ഓഫീസ് തലവന്റെ സാക്ഷ്യപ്പെടുത്തിയ ഒപ്പും സഹിതം സർവ്വീസ് ബുക്കിൽ ഒട്ടിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം)

"ഭരണഭാഷ മാതൃഭാഷ"

**കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**

(1956 ലെ ഇന്ത്യൻ കമ്പനി നിയമപ്രകാരം അംഗമാക്കപ്പെട്ടത്)

KSEB
കേരളത്തിന്റെ ഊർജ്ജം

ചീഫ് എഞ്ചിനീയർ (മാനവ വിഭവശേഷി നിർവ്വഹണം) കാര്യാലയം.
രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം 695 004, കേരള
ടെലിഫോൺ നം : 91-471-2448948
ഫാക്സ് : 91-471-2441361
ഇ-മെയിൽ : cehrm@ksebnet.com
വെബ് സൈറ്റ് : www.kseb.in. CIN: U40100KL2011SGC027424

നമ്പർ : ഇ.ബി. 7/പൊതുസ്ഥലംമാറ്റം/2016 തീയതി 19.07.2016.

പ്രേഷകൻ

ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം).

സ്വീകർത്താവ്

ചീഫ് എഞ്ചിനീയർ (ഐ.ടി. & സി.ആർ.)
വൈദ്യുതി ഭവനം,
തിരുവനന്തപുരം.

സർ,

വിഷയം: ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം - വാസസ്ഥല സത്യപ്രസ്താവനയും, അനുബന്ധമായ കത്തും – വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത് – സംബന്ധിച്ച്.

സൂചന : 15.07.2016 – ൽ അംഗീകൃത ട്രേഡ് യൂണിയൻ പ്രതിനിധികളുമായ് നടത്തിയ ചർച്ചയുടെ മിനിട്ട്സ്.

സൂചനയിൽ തീരുമാനിച്ചതു പോലെ, കെ.എസ്.ഇ.ബി. ലിമിറ്റഡിലെ പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് ജീവനക്കാർ നൽകേണ്ട വാസസ്ഥല സത്യപ്രസ്താവനയുടെ പൂർണ്ണരൂപവും, അതുമായി ബന്ധപ്പെട്ട കത്തും ഇതോടൊപ്പം അയയ്ക്കുന്നു. ആയത്, കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ജീവനക്കാർക്ക് അവരുടെ വാസസ്ഥലത്തെക്കുറിച്ച് നിഷ്കർഷിച്ചിട്ടുള്ള വിവരങ്ങൾ രേഖപ്പെടുത്താനുള്ള സൗകര്യം വെബ്സൈറ്റിൽ ഒരുക്കണമെന്നും, സത്യപ്രസ്താവനയുടെ 'പ്രിന്റ്ഔട്ട്' ലഭിക്കാനുള്ള സൗകര്യം ചെയ്യണമെന്നും അഭ്യർത്ഥിക്കുന്നു. കൂടാതെ, കത്ത് പ്രസിദ്ധീകരിക്കുന്നതിന്റെ ചുവടെ, കത്തിൽ പരാമർശിച്ചിട്ടുള്ള വസ്തുതകൾ 25.07.2016 നകം പൂർത്തീകരിക്കുന്ന ജീവനക്കാർക്ക് മാത്രമേ ഈ മാസത്തെ ശമ്പളം നൽകുകയുള്ളു എന്ന വിവരം കൂടി മലയാളത്തിൽ നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.)

പകർപ്പ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ - ഐ.ടി. (കമ്പ്യൂട്ടറൈസേഷൻ യൂണിറ്റ്).

ഉള്ളടക്കം: (1) 19.07.2016 ലെ നമ്പർ. ഇ.ബി.7/ പൊതുസ്ഥലംമാറ്റം/2016 കത്ത്.
(2) വാസസ്ഥല പ്രസ്താവനയുടെ ഫോറം.